പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 453 — 19.03.2013 -ൽ മറുപടിക്ക്

റോഡ് ഗതാഗത വിഭാഗത്തെ കോർപ്പറേഷൻ ആക്കി മാറ്റാൻ ഇടയായ സാഹചര്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന്<br>" കെ. എൻ. എ. ഖാദർ<br>" എൻ. ഷംസുദ്ദീൻ<br>" പി. ഉബൈദുള്ള | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരളസംസ്ഥാന ട്രാൻസ്പോർട്ട് വകുപ്പിന്റെ കീഴിലായിരുന്ന റോഡ് ഗതാഗത വിഭാഗത്തെ കോർപ്പറേഷൻ ആക്കി മാറ്റാൻ ഇടയായ സാഹചര്യം എന്തായിരുന്നു എന്ന് വിശദമാക്കാമോ; | (എ) യും (ബി) യും | കേന്ദ്ര നിയമമായ RTC Act, 1950 വിഭാവനം ചെയ്തതിന് അനുസരണ മായിട്ടാണ് 15.03.1965 -ലെ വിജ്ഞാപനം പ്രകാരം സംസ്ഥാന ഗതാഗത വകുപ്പ്, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ എന്ന Statutory Corporation ആയി രൂപാന്തരപ്പെട്ടത്. ജനങ്ങൾക്ക് മികച്ചതും, കാര്യക്ഷമവും താരതമ്യേന ചെലവ് കുറഞ്ഞതുമായ യാത്രാ സൗകര്യം ഉറപ്പാക്കുന്നതിനു വേണ്ടിയാണ് ടി ആക്ട് പ്രകാരം കെ.എസ്.ആർ.ടി.സി. രൂപീകരിച്ചത്. |
| (ബി) | എന്തൊക്കെ ഗുണപരമായ മാറ്റങ്ങളാണ് കോർപ്പറേഷൻ ആകുന്നതുകൊണ്ട് ഉണ്ടാകുമെന്ന് കരുതിയിരുന്നത്; | | |
| (സി) | പ്രതീക്ഷിച്ച ഗുണപരമായ മാറ്റം ഇത്രയും കാലത്തിനിടയിൽ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; | (സി) | ഉണ്ട്;<br>സംസ്ഥാനത്തെ ജനങ്ങൾക്ക് മിതമായ നിരക്കിൽ സ്റ്റേജ് ക്യാരേജ് സർവ്വീസുകൾ നടത്തി സഹായിക്കുന്നതിനും അവരെ സ്വകാര്യമേഖലയുടെ ചൂഷണത്തിൽ നിന്നും തടഞ്ഞു നിർത്തുന്നതിനും കെ.എസ്.ആർ.ടി.സി. ക്ക് കഴിഞ്ഞിട്ടുണ്ട്. 912 ബസ്സുകളുമായി 01.04.1965 -ൽ തുടങ്ങിയ ഈ പൊതുമേഖലാ സ്ഥാപനം ഇപ്പോൾ |

| | | | |
|---|---|---|---|
| | | | JnNURM ഉൾപ്പടെ 6,108 ബസ്സുകളുമായി സംസ്ഥാനത്തുട നീളവും അന്തർ സംസ്ഥാന റൂട്ടുകളിലും സർവ്വീസ് നടത്തുന്നു. സംസ്ഥാനത്ത് സ്റ്റേജ് ക്യാരേജ് സർവ്വീസുകളുടെ എണ്ണത്തിൽ പടിപടി യായി ഉയർന്ന് ഇപ്പോൾ പൊതു ഗതാഗത സംവിധാനത്തിന്റെ 30% കെ.എസ്.ആർ.ടി.സി. യുടേതാണ്. സ്വകാര്യ മേഖല കടന്നു ചെല്ലാത്ത ലാഭകരമല്ലാത്ത റൂട്ടുകളിലും, ലാഭകര മല്ലാത്ത സമയങ്ങളിലും, ആദിവാസി മേഖലകൾ ഉൾപ്പടെയുള്ള ദുഷ്ക്കരവും, ഒട്ടും ലാഭകരമല്ലാത്തതുമായ റൂട്ടുക ളിലും കെ.എസ്.ആർ.ടി.സി. മാത്രമാണ് ജനങ്ങൾക്ക് ആശ്രയമായിട്ടുള്ളത്. |
| (ഡി) | ഇല്ലെങ്കിൽ പ്രസ്തുത സ്ഥാപ നത്തെ സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ആക്കുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ